"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല- കുത്തന്നൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് - ക്ലർക്ക് ശ്രീ. രജിൻ ഗോപാൽ ആർ -ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1174/2025/LSGD തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:-

1. 20.11.2012 തീയതിയിലെ സ.ഉ. (കൈ) 292/12/HOME നമ്പർ സർക്കാർ ഉത്തരവ്
2. 22. 01.2020 തീയതിയിലെ സ.ഉ.(കൈ) 14/2020/GAD നമ്പർ സർക്കാർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022 തീയതിയിലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമം

5\. പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 21/10/2023 തീയതിയിലെ LSGD/JD/PKD/3839/2023-A4 നമ്പർ നടപടിക്രമം

5\. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.2024ലെ LSGD/PD/27143/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കുത്തന്നൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. രജിൻ ഗോപാൽ ആർ -ന്റെ പ്രൊബേഷൻ കാലയളവ് 17/08/2022 മുതൽ 24/03/2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നതിനായി പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2\. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സൂപ്പർന്യൂമററിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീ. രജിൻ ഗോപാൽ. ആർ -നെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിച്ച് പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിരുന്നുവെന്നും, 19/03/2020 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ടിയാന്റെ സർവ്വീസ് പരാമർശം (3) പ്രകാരം 24/06/2019 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും, നിലവിൽ കുത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. രജിൻ ഗോപാൽ .ആർ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (4) പ്രകാരം 17/08/2021 മുതൽ 16/08/2022 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നുവെന്നും, 22/03/2023 എം. ഒ.പി പരീക്ഷയാണ് വിജയിച്ചിട്ടുള്ള ടിയാന്റെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും ടിയാൻ GPF, SLI, GIS എന്നിവയിൽ അംഗത്വമെടുത്തിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 22.03.2023-ൽ എം ഒ പി പരീക്ഷ വിജയിച്ച പാലക്കാട് ജില്ലയിലെ കത്തന്നൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. രജിൻ ഗോപാൽ ആർ -ന്റെ പ്രൊബേഷൻ 23.03.2023 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 17/08/2022 മുതൽ 24/03/2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ശ്രീ.രജിൻ ഗോപാൽ , ക്ലർക്ക് , കത്തന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.സെക്രട്ടറി,കത്തന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8..കരുതൽ ഫയൽ (ഫയൽ നം.230/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 19-05-2025 14:34:41